മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

51 (1875) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ച് ഉത്തരവായാൽ എത്ര ദിവസത്തിനുള്ളിൽ തുക വിതരണം ചെയ്യാൻ കഴിയുമെന്നും ഇത് സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) ധനസഹായം ലഭിക്കുന്നതിനുള്ള ഉത്തരവായിട്ടും എത്ര തുക കുടിശ്ശികയാണെന്ന ജില്ല തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്തുപറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി)

ജില്ല	തുക
(1)	(2)
തിരുവനന്തപുരം	2,97,0,000
കൊല്ലം	4,29,19,000
പത്തനംതിട്ട	2,46,29,000
ആലപ്പുഴ	6,63,04,000
കോട്ടയം	9,86,06,500
ഇടുക്കി	2,24,80,538
എറണാകുളം	11,76,52,000
തൃശ്ശൂർ	98,50,500
പാലക്കാട്	2,89,70,782
മലപ്പുറം	2,60,91,987

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
കോഴിക്കോട്	1,79,37,500
വയനാട്	50,00,000
കണ്ണൂർ	...
കാസർഗോഡ്	1,62,51,500

മുഖ്യമന്ത്രിയുടെ ചികിത്സാ സഹായം

52 (1876) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര രൂപ മുഖ്യമന്ത്രിയുടെ ചികിത്സാ സഹായഫണ്ടിൽ നിന്ന് ധനസഹായമായി നല്കിയിട്ടുണ്ട് ;

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ പ്രസ്തുത ആവശ്യത്തിനായി എന്ത് രൂപ നല്കിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ചികിത്സാ സഹായഫണ്ടിൽ നിന്ന് നാളിതുവരെ (30-11-2015 വരെ) ചികിത്സാ സഹായമുൾപ്പെടെയുള്ള വിവിധ സഹായധനമായി ആകെ 651,23,18,033 രൂപ (അറുനൂറ്റി അൻപത്തൊന്ന് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി പതിനെട്ടായിരത്തി മുപ്പത്തിമൂന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ വിവിധ ധനസഹായങ്ങൾ വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ആകെ 120,24,96,038 രൂപ (നൂറ്റിയിരുപത് കോടി ഇരുപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി മുപ്പത്തിയെട്ട് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

53 (1877) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ശ്രീമതി ലൂസി ചാക്കോ, മുക്കോണിൽ വീട്, കാണക്കാരി കോട്ടയം നൽകിയ അപേക്ഷ (പെറ്റീഷൻ നമ്പർ 31034/cm/14 dated 27-10-2014)യിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly